B

303

# സമഗ്ര ശിക്ഷ, കേരളം
# വാർഷിക മൂല്യനിർണയം 2018-19

ക്ലാസ് : 3

## ഗണിതം

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.............................................

വിദ്യാലയത്തിന്റെ പേര്.............................................

ഡിവിഷൻ .............................................

അധ്യാപകന്റെ ഒപ്പ് .............................................

രക്ഷിതാവിന്റെ ഒപ്പ് .............................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഓണസദ്യ | |
| 2 | ആരാണ് വിജയി | |
| 3 | സോനുവിന്റെ പിറന്നാൾ | |
| 4 | കാർഡ് കളി | |
| 5 | ബുക്കിന്റെ വില | |
| 6 | വിളവെടുപ്പ് | |
| | ഓവറോൾ ഗ്രേഡ് | |

### *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ള സമയമാണ്.
- ആറു ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതിയാൽ മതി.
- തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.

### പ്രവർത്തനം 1- ഓണസദ്യ

ഗോപുവിന്റെ വീട്ടിൽ ഓണസദ്യ ഉണ്ടാക്കുന്ന തിരക്കിലാണ് അമ്മ. സാമ്പാർ ഉണ്ടാക്കുന്നതിനിടയിൽ അമ്മ ചോദിച്ചു.




ഗോപുവിന്റെ ഊഹം ശരിയായിരുന്നു.

എ) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതായിരിക്കും ഗോപു പറഞ്ഞ ഉത്തരം ?.

എ) 1 മീറ്റർ  ബി) 5 സെന്റിമീറ്റർ  സി) 5 മീറ്റർ

ബി) സാമ്പാറിൽ ഇടാനുള്ള മുരിങ്ങയ്ക്ക ഗോപു മൂന്ന് കഷണങ്ങളാക്കി മുറിച്ച് വച്ചിരിക്കുകയാണ്. ഓരോ കഷണത്തിന്റെയും നീളം അളന്ന് എഴുതൂ.







സി) ഗോപു മുറിച്ച മുരിങ്ങയ്ക്കയുടെ ആകെ നീളം എത്ര?

**പ്രവർത്തനം 2 – ആരാണ് വിജയി**

രത്നഗിരി എൽ.പി. സ്കൂളിലെ വാർഷികത്തോടനുബന്ധിച്ച് കുപ്പിയിൽ വെള്ളം നിറയ്ക്കൽ മത്സരം നടന്നു. ഓരോ കുട്ടിയും പ്രവർത്തനം പൂർത്തിയാക്കാനെടുത്ത സമയം പട്ടികയായി താഴെകൊടുത്തിരിക്കുന്നു. വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കൂ.

എ)

| പേര് | സമയം ( സെക്കന്റിൽ) | സമയം (മിനിറ്റിലും സെക്കന്റിലും) |
|---|---|---|
| സബിത | 74 സെക്കന്റ് | 1 മിനിറ്റ് 14 സെക്കന്റ് |
| അനിത | 104 സെക്കന്റ് | ...................................... |
| സ്റ്റാബിൻ | ...................................... | 1 മിനിറ്റ് 38 സെക്കന്റ് |
| സ്മിത | 118 സെക്കന്റ് | .................................. |
| അഖിൽ | 124 സെക്കന്റ് | .................................. |

ബി) എത്ര മിനിറ്റുകൾ ചേർന്നാൽ ഒരു മണിക്കൂറാകും ?

**പ്രവർത്തനം 3 - സോനുവിന്റെ പിറന്നാൾ**

സോനുവിന്റെ പിറന്നാളിന് പായസം വെക്കുന്നതിന് അച്ഛൻ 8 ലിറ്റർ 750 മില്ലിലിറ്റർ പാൽ കൊണ്ടു വന്നു. വീട്ടിൽ 2 ലിറ്റർ 250 മില്ലിലിറ്റർ പാൽ ഉണ്ടായിരുന്നു.

എ) വീട്ടിൽ ഉണ്ടായിരുന്ന പാലിനോട് അച്ഛൻ കൊണ്ടുവന്ന പാൽ ചേർത്താൽ എത്ര ലിറ്റർ പാൽ ആകും?

ബി) സോനുവിന്റെ പിറന്നാൾ ദിവസം അച്ഛൻ കൊണ്ടുവന്ന 36 മിഠായികൾ തുല്യമായി വീതിച്ചപ്പോൾ ഓരോരുത്തർക്കും 4 മിഠായി വീതം കിട്ടി. എത്ര പേർക്കാണ് മിഠായി ലഭിച്ചത് ?.

**പ്രവർത്തനം 4 - കാർഡ്കളി**

അനുവും വിനുവും മീനുവും കൂടി കാർഡ് കളിക്കുകയായിരുന്നു. മൂന്നു പേർക്കും കിട്ടിയ കാർഡുകൾ നോക്കൂ.

| അനു | വിനു | മീനു |
|---|---|---|
| 8 | 9 | 4 |

എ) ഈ കാർഡുകൾ ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ നിർമിക്കാൻ കഴിയുന്ന മൂന്നക്ക സംഖ്യകൾ ഏതെല്ലാമെന്ന് കണ്ടെത്തുക.

ബി) നിർമിച്ച സംഖ്യകളെ വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതുക.

പ്രവർത്തനം 5 - ബുക്കിന്റെ വില




എ) ചിന്നു പറഞ്ഞതാണൊ, കടക്കാരൻ പറഞ്ഞതാണൊ ശരി. കണ്ടുപിടിക്കുക? ഉത്തരം എഴുതുക.

ബി) ചിന്നു 500 രൂപ നോട്ട് നൽകിയാൽ ബാക്കി എത്ര രൂപ കടക്കാരൻ ചിന്നുവിന് നൽകണം ?

പ്രവർത്തനം 6 - വിളവെടുപ്പ്

അബുവിന്റെ പച്ചക്കറിത്തോട്ടത്തിൽ നിന്ന് വിളവെടുത്ത പച്ചക്കറികളുടെ അളവുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ഇനം | തൂക്കം (കിലോഗ്രാം) |
|---|---|
| വെണ്ടയ്ക്ക | 2 |
| തക്കാളി | 3 |
| പച്ചമുളക് | 1 |

എ). അബു ഇത് പായ്ക്കറ്റുകളിലാക്കിയാണ് വിൽക്കുന്നത്. പച്ചമുളക് 100 ഗ്രാം, വെണ്ടയ്ക്ക 250 ഗ്രാം, തക്കാളി 500 ഗ്രാം എന്നിങ്ങനെയാണ് പായ്ക്കറ്റുകളിലാക്കിയത്. എങ്കിൽ ഓരോന്നും എത്ര പായ്ക്കറ്റുകൾ വീതമുണ്ടെന്ന് കണ്ടെത്തി എഴുതുക.

ബി). 1250 ഗ്രാമിന് തുല്യമായത് ...................................... കിലോഗ്രാം ......................................ഗ്രാം